# കേരള കാർഷിക സർവ്വകലാശാല

## കാർഷിക കോളേജ്, പടന്നക്കാട്

പടന്നക്കാട് (പി.ഒ), കാസറഗോഡ് ജില്ല, പിൻ-671314, കേരളം
ഫോൺ: 91 467 2282699, 91 467 2280616,E-mail: coapad@kau.in

**നമ്പർ :** COAPAD/1927/2025-C2 **തിയ്യതി :** 27-06-2025

**മാങ്ങ പുനഃലേലം/ക്വട്ടേഷൻ നോട്ടീസ്**

ലേലം/ക്വട്ടേഷൻ ഉറപ്പിക്കുന്ന ദിവസം മുതൽ 31.08.2025 വരെ ഈ കേന്ദ്രത്തിൽ ഉദ്പാദിപ്പിക്കുന്ന മങ്ങകളുടെ വിളവെടുപ്പിനുള്ള അവകാശം വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായി ലേലം/ക്വട്ടേഷൻ നടപടിയിലൂടെ ഉറപ്പിച്ചു നൽകുന്നതിന് നിശ്ചയിച്ചിരിക്കുന്ന ലേലതീയ്യതി നീട്ടിയിരിക്കുന്നു.

| ഇനം | ഏകദേശ തൂക്കം | നിരത ദ്രവ്യം |
|---|---|---|
| മാങ്ങകൾ | 1000 കി. ഗ്രാം | 1500 |

**സ്ഥലം : കാർഷിക കോളേജ്, പടന്നക്കാട്**

**തീയതി&സമയം : 30.06.2025 രാവിലെ 11 മണി.**

**വ്യവസ്ഥകളും നിബന്ധനകളും**

1. ലേലത്തിനായി പേര് രജിസ്റ്റർ ചെയ്യുന്നതിനും ക്വട്ടേഷൻ സമർപ്പിക്കുന്നതിനുമുള്ള അവസാന സമയം 30.06.2025ന് കാലത്ത് 11.00 മണിയാണ്.
2. ക്വട്ടേഷനൊപ്പം 1500 നിരതദ്രവ്യമടച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ് .
3. 30.06.2025 ന് രാവിലെ 11.30 ന് പരസ്യലേലം നടക്കുന്നതാണ്. പരസ്യലേലത്തിനു ശേഷം ക്വട്ടേഷൻ തുറക്കുന്നതായിരിക്കും.
4. വെള്ളക്കടലാസിൽ പൂർണ്ണ മേൽവിലാസമെഴുതി ഒപ്പിട്ടു വേണം ക്വട്ടേഷൻ തയ്യാറാക്കാൻ ഏറ്റവും കൂടിയ തുകയാണ് ക്വട്ടേഷനിൽ രേഖപ്പെടുത്തേണ്ടത്. ക്വട്ടേഷൻ കവറിൽ അടക്കം ചെയ്ത് ഒട്ടിച്ച ശേഷം ഡീൻ, കാർഷിക കോളേജ്, പടന്നക്കാട് എന്ന മേൽവിലാസത്തിലാണ് സമർപ്പിക്കേണ്ടത്. കവറിനു പുറത്ത്**' മാങ്ങകളുടെ വിളവെടുപ്പിനുള്ള ക്വട്ടേഷൻ'**എന്ന് രേഖപ്പെടുത്തണം.
5. പരസ്യ ലേലത്തിലും ക്വട്ടേഷനിലും വാഗ്ദാനം ചെയ്ത തുകകൾ താരതമ്യം ചെയ്ത് ലഭിക്കുന്ന കൂടിയ തുക നിലവിലുള്ള കമ്പോള നിരക്കുമായി തട്ടിച്ചു നോക്കി ന്യായമാണ് എന്ന് ബോധ്യപ്പെടുന്ന പക്ഷം പ്രസ്തുത തുകയ്ക്കു ലേലം ഉറപ്പിക്കുന്നതായിരിക്കും.
6. ലേലം/ക്വട്ടേഷൻ ഉറപ്പിച്ചു കിട്ടാത്തവരുടെ നിരതദ്രവ്യം ലേല/ക്വട്ടേഷൻ നടപടിക്രമങ്ങൾക്കു ശേഷം തിരികെ നൽകുന്നതാണ്.
7. ലേലം/ക്വട്ടേഷൻ ഉറപ്പിച്ചു കിട്ടിയവർ ലേലത്തുകയുടെ 5% സുരക്ഷിത നിക്ഷേപമായി ഓഫീസിൽ ഒടുക്കേണ്ടതും വിളവെടുപ്പ് കാലാവധി കഴിഞ്ഞ ശേഷം രശീതി

ഹാജരാക്കുന്ന മുറക്ക് സർവ്വകലാശാല വസ്തുവകകൾക്ക് ലേലക്കാർ നാശനഷ്ടങ്ങൾ വരുത്തിയിട്ടില്ല എന്ന ഫാം ഇൻചാർജ്ജ് / ഫാം മാനേജരുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ തിരികെ നൽകുന്നതാണ്.

8. ലേലം/ക്വട്ടേഷൻ വിലക്ക് പുറമെ നിലവിലുള്ള നിരക്കിൽ ചരക്ക് സേവന നികുതി (ജി.എസ്.ടി) ഉണ്ടെങ്കിൽ ആയത് അടക്കുന്നതിന് ലേലക്കാരൻ ബാധ്യസ്ഥനായിരിക്കും.
9. ലേലം/ക്വട്ടേഷൻ ഉറപ്പിച്ച് കിട്ടിയവർ ലേലതുകയുടെ മൂന്നിലൊരു ഭാഗം ലേലദിവസം വൈകുന്നേരം 3.30 ന് മുൻപ് അടക്കേണ്ടതാണ്. ബാക്കി 2/3 ഭാഗം 5 പ്രവൃത്തി ദിവസത്തിനകം അടച്ച് ഫാം ഇൻചാർജ്ജ് / ഫാം മാനേജരുടെ മുമ്പാകെ രശീതി ഹാജരാക്കുന്ന മുറക്ക് മാത്രമേ വിളവെടുപ്പ് ആരംഭിക്കാനുള്ള അനുമതി ലഭിക്കുകയുള്ളൂ.
10. ലേലത്തുക അടക്കുന്നതിൽ വീഴ്ച വരുത്തുന്ന പക്ഷം ലേലം റദ്ദ് ചെയ്യുന്നതും സുരക്ഷിത നിക്ഷേപം സർവ്വകലാശാലക്ക് മുതൽ കൂട്ടുന്നതുമാണ്.
11. ഫാം ഇൻചാർജ്ജ് / ഫാം മാനേജരെ മുൻകൂട്ടി അറിയിച്ച് അനുമതി വാങ്ങിയ ശേഷം മാത്രമേ ഉത്പന്നങ്ങൾ വിളവെടുത്ത് ഫാമിന് പുറത്തേക്ക് കൊണ്ടുപോകാവൂ. വിളവെടുപ്പുമായി ബന്ധപ്പെട്ട് സർവ്വകലാശാല വസ്തുവകകൾക്ക് നാശനഷ്ടങ്ങൾ ഉണ്ടാവുന്ന പക്ഷം ലേലക്കാരൻ ആയതിന് നേരിട്ട് ഉത്തരവാദിയായിരിക്കും.
12. ക്വട്ടേഷൻ / ലേലം സംബന്ധിച്ച ഡീനിന്റെ തീരുമാനം അന്തിമമായിരിക്കും. കാരണം അറിയിക്കാതെ ക്വട്ടേഷൻ/ലേലം നടപടികൾ നിർത്തി വെയ്ക്കുന്നതിനോ, റദ്ദു ചെയ്യുന്നതിനോ ഡീനിന് അധികാരമുണ്ടായിരിക്കും.
13. സർക്കാർ ലേലം/ക്വട്ടേഷൻ നടപടികളുമായി ബന്ധപ്പെട്ട എല്ലാ നിബന്ധനകളും ഈ ലേലം/ക്വട്ടേഷൻ നടപടിയിലും ബാധകമായിരിക്കും

Signed by
T Sajitha Rani
Date: 27-06-2025 15:08:27

**DEAN**

പകർപ്പ്:

1. നോട്ടീസ് ബോർഡ് (കോളേജ് ഓഫീസ് / ഇൻസ്ട്രക്ഷണൽ ഫാം യൂണിറ്റ് –I & II)
2. വില്ലേജ് ഓഫീസ് (നീലേശ്വരം / കാഞ്ഞങ്ങാട് സൗത്ത്)
3. നഗരസഭാ ഓഫീസ് (നീലേശ്വരം / കാഞ്ഞങ്ങാട് )
4. പീലിക്കോട് പ്രദേശിക കാർഷിക ഗവേഷണ കേന്ദ്രം
5. കെ.എ.യു വെബ്സൈറ്റ്
6. ഡോ. ബിനിത. എൻ.കെ , അസിസ്റ്റന്റ് പ്രൊഫസർ&ഇൻസ്ട്രക്ഷണൽ ഫാം യൂണിറ്റ് – I ചുമതലയുള്ള ഉദ്യോഗസ്ഥ
7. അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
8. ഡി 2 COAPAD സെക്ഷൻ